# പോലീസിന്റെ നുണക്കഥ പകർത്തുന്ന മാധ്യമങ്ങൾ



**കെ. കെ. ഷാഹിന**

tehelka

സാക്ഷികളുടെ മൊഴികൾ പോലീസ് രേഖപ്പെടുത്തിയിരുന്നത് സംശയാസ്പദമായി മാറിയിരുന്നു. ഇത്തരം സാഹചര്യങ്ങളാണ് കുടക് കഥയുടെ നിജസ്ഥിതി അന്വേഷിക്കാൻ എന്നെ പ്രേരിപ്പിച്ചത് .

**കേസന്വേഷണം** പോലീസിന്റെ ജോലി തന്നെയാണ് അത് മാധ്യമങ്ങളുടെ ജോലി ആണെന്ന ഒരു തെറ്റിദ്ധാരണയും എനിക്കില്ല. പക്ഷെ പോലിസ് പറയുന്ന കഥകൾ സാമാന്യയുക്തിക്ക് നിരക്കാതെ വരുമ്പോൾ മാധ്യമങ്ങൾ അവരുടെതായ രീതിയിൽ അന്വേഷണങ്ങൾ നടത്തി എന്ന് വരും. അതൊരു പുതിയ കാര്യമല്ല. തെഹൽകയുടെ റിപ്പോർട്ടർ എന്ന നിലയിൽ ഞാൻ ചെയ്തതും അതാണ്.
പിഡിപി നേതാവ് അബ്ദുൾ നാസ്സർ മദനി കുടകിലെ ലക്കേരി എസ്റ്റേറ്റിൽ വെച്ച് തടിയന്റവിടെ നസീറുമായി കൂടിക്കാഴ്ച നടത്തി എന്നും ബംഗ്ലൂർ സ്ഫോടനം ആസൂത്രണം ചെയ്തു എന്നും ആണ് പ്രത്യേക അന്വേഷണ സംഘം സമർപ്പിച്ച ചാർജ് ഷീറ്റിൽ പറയുന്നത്. കൊച്ചിയിൽ വാടകയ്ക്ക് താമസിച്ചിരുന്ന വീട്ടിൽ വെച്ചും കൂടിക്കാഴ്ച നടത്തിയതായി ചാർജ് ഷീറ്റിൽ പറയുന്നുണ്ട്. കൊച്ചിയിൽ മദനി താമസിച്ചിരുന്ന വീടിന്റെ ഉടമസ്ഥനായ, ആലുവ സ്വദേശി ജോസ് വർഗീസിന്റേതാണ് ഇക്കാര്യത്തിൽ പോലീസ് ഹാജരാക്കിയ സാക്ഷി മൊഴി. ഇങ്ങനെ ഒരു മൊഴി താൻ ആർക്കും നൽകിയിട്ടില്ലെന്ന് പറഞ്ഞ് ജോസ് നേരത്തെ തന്നെ കോടതിയെ സമീപിച്ചിരുന്നു. മറ്റൊരു സാക്ഷിമൊഴി മദനിയുടെ സഹോദരനും അൻവാരശേരി മതപഠന കേന്ദ്രത്തിന്റെ നടത്തിപ്പുകാരനും ആയിരുന്ന മുഹമ്മദ് ജമാലിന്റെതാണ്. സ്ഫോടനത്തിനു ശേഷം അതിൽ പങ്കെടുത്ത ചിലരെ അൻവാർശേരിയിൽ ഒളിവിൽ താമസിക്കാൻ സഹായിച്ചു എന്നും അതുമായി ബന്ധപ്പെട്ടു മദനി തനിക്കു നിർദേശം നൽകി എന്നും ജമാൽ മൊഴി നൽകിയതായാണ് ചാർജ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ താൻ അങ്ങനെ ഒരു മൊഴിയെ നൽകിയിട്ടില്ലെന്നും അന്വേഷണ ഉദ്യോഗസ്ഥർ തന്നെ കണ്ടിട്ട് പോലുമില്ലെന്നും കാണിച്ചു മുഹമ്മദ് ജമാൽ കൊല്ലം ശാസ്താം കോട്ട കോടതിയിൽ പരാതി നൽകിയിരുന്നു. ഇതിനെല്ലാം പുറമേ കഴിഞ്ഞ പത്തു വർഷക്കാലത്തിനിടെ അബ്ദുൽ നാസ്സർ മദനിയുടെ രാഷ്ട്രീയ കാഴ്ചപ്പാടുകളിൽ ഉണ്ടായ വ്യത്യാസവും ശ്രദ്ധേയമാണ്. ഇത്തരം സാഹചര്യങ്ങളാണ് കുടക് കഥയുടെ നിജസ്ഥിതി അന്വേഷിക്കാൻ എന്നെ പ്രേരിപ്പിച്ചത് .
ഇക്കഴിഞ്ഞ 16-ാം തിയതിയാണ് ഞാൻ കുടകിലെ ഐഗൂർ പഞ്ചായത്തിൽ പോയത്, കുംബുർഹോസ, തോട്ട തുടങ്ങിയ സ്ഥലങ്ങളിൽ ഞങ്ങൾ യാത്ര ചെയ്തു. അവിടെയുള്ളവർക്ക് മലയാളം അറിയാൻ സാധ്യത ഇല്ല എന്നായിരുന്നു എന്റെ ധാരണ. അതിനാൽ തർജമക്ക് വേണ്ടി ഒരാളെ കൂടെ കൂട്ടിയിരുന്നു. അയാളുടെയും എന്റെയും ഒരു പൊതുസുഹൃത്തും കൂടെ വന്നു. ആ നാട്ടുകാരനായ മറ്റൊരാൾ വഴികാട്ടിയായും. ബിജെപിക്ക് വലിയ സ്വാധീനമുള്ള ആ പ്രദേശത്ത് പോയി നാട്ടുകാരോട് വഴി ചോദിച്ചാൽ ഒരു പക്ഷെ പോയ കാര്യം നടക്കാതെ പോയേക്കും എന്ന തോന്നൽ ഉണ്ടായതുകൊണ്ടാണ് വഴി നന്നായി അറിയാവുന്ന ഒരാളെയും കൂട്ടിയത്.
ഇത്രയും കാര്യങ്ങൾ ഞാൻ വിശദമാക്കുന്നത്, എന്റെ കൂടെ ഒരു സംഘം ആൾക്കാരും ക്കാരും ഉണ്ടായിരുന്നു എന്ന പോലിസ് വാർത്തയോടുള്ള പ്രതികരണമായാണ്. പത്രപ്രവർത്തകർ വാർത്ത (!) ശേഖരിക്കാൻ പലരുടെയും സഹായം തേടി എന്ന് വരും. അതാരൊക്കെയാണെന്നു വെളിപ്പെടുത്തണമെന്നു പോലീസ് നിർബന്ധിക്കുന്നത് പത്ര സ്വാതന്ത്ര്യത്തിന്റെ

ലംഘനമല്ലാതെ മറ്റൊന്നുമല്ല. ഞാൻ മടങ്ങിയെത്തി രണ്ടു ദിവസത്തിന് ശേഷം ഹോസതോട്ട സർക്കിൾ ഇൻസ്പെക്ടർ എന്നെ വിളിച്ചു കൂടെ വന്നവരുടെ വിശദാംശങ്ങൾ വേണമെന്ന് ആവശ്യപ്പെട്ടു. അത് നൽകാൻ ഒരുക്കമല്ലെന്നും വേണ്ടി വന്നാൽ കോടതിയിൽ പറഞ്ഞുകൊള്ളാമെന്നും ഞാൻ വ്യക്തമാക്കി.
തുടർന്ന് രണ്ടു ദിവസങ്ങൾക്കു ശേഷം കർണാടകയിലുള്ള ചില സുഹൃത്തുക്കൾ പറഞ്ഞാണ് കേസ് എടുത്തു എന്ന (പത്ര)വാർത്ത ഞാൻ അറിയുന്നത് .കേരളത്തിലെ ചില പത്രസുഹൃത്തുക്കൾ പോലീസിൽ വിളിച്ചപ്പോൾ ഇക്കാര്യം അവർ സ്ഥിരീകരിച്ചു.
കുംബൂരിൽ നിന്നും മദനി കേസിലെ ഒരു സാക്ഷിയായ യോഗനന്ദയെ കണ്ടു മടങ്ങും വഴി ഹോസതോട്ട സി ഐ യുടെ നേതൃത്വത്തിലുള്ള ഒരു പോലിസ് സംഘം ഞങ്ങളെ തടഞ്ഞു. ഇത്തരം കാര്യങ്ങൾ ഇവിടെ നടക്കില്ല എന്ന് കർക്കശമായി പറഞ്ഞ സി ഐ ആദ്യം ഹോസതോട്ട സ്റ്റേഷനിലേക്ക് വരണമെന്ന് ആവശ്യപ്പെട്ടു . എന്തുകൊണ്ട് എന്ന് ചോദിച്ചപ്പോൾ പോലീസ് ആ ആവശ്യത്തിൽ നിന്ന് പിൻവാങ്ങുകയായിരുന്നു. ഞങ്ങൾ അവിടെ നിന്ന് മടങ്ങുമ്പോൾ കുറച്ചു ദൂരം പോലീസ് പിന്തുടരുകയും ചെയ്തു .കുറച്ചു സമയത്തിന് ശേഷം മറ്റൊരു വാഹനത്തിൽ ഞങ്ങൾ യാത്ര തുടരുകയായിരുന്നു .
കുടകിൽ നിന്ന് മടങ്ങുന്ന വഴി രാത്രി വൈകി ഇവർ എന്നെ വിളിച്ച് ഞാൻ ജേർണലിസ്റ്റ് ആണെന്ന് സംശയമുണ്ടെന്ന് വ്യക്തമാക്കി.എന്റെ പ്രൊഫഷണൽ ജീവിതത്തിൽ ഇതാദ്യമാണ് ഒരു പോലിസ് ഓഫീസർ നേരിട്ട് വിളിച്ച് ഇങ്ങനെ ഒരു ചോദ്യം ഉന്നയിക്കുനത്. എന്റെ ചീഫ് എഡിറ്ററുടെ നമ്പർ വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കേസ് എടുത്തതുമായി ബന്ധപ്പെട്ടു എനിക്ക് ഔദ്യോഗിക അറിയിപ്പൊന്നും കിട്ടിയിട്ടില്ല. എന്തായാലും ഇത് വളരെ അപകടകരമായ പ്രവണതയാണ് എന്ന് പറയാതിരിക്കാനാവില്ല. പോലീസ് പറയുന്നതിനപ്പുറം അന്വേഷണങ്ങൾ നടത്തുന്ന മാധ്യമ പ്രവർത്തകരെ (അത് വഴി പൌരസമൂഹത്തെയും) പേടിപ്പിച്ചു നിശബ്ദരാക്കി കളയാം എന്ന് കരുതുന്ന രണകൂടം ജനാധിപത്യത്തിന്റെ ആരാച്ചാർ ആവുകയാണ് ചെയ്യുന്നത്. കർണാടക പോലീസിന്റെ നടപടിയേക്കാൾ എനിക്ക് അസുഖകരമായി തോന്നിയത് ഈ പ്രശ്നത്തെ ചില മാധ്യമങ്ങൾ സമീപിച്ച രീതിയാണ്. പോലിസ് പറഞ്ഞു കൊടുക്കുന്ന നുണക്കഥകൾ അത് പോലെ പകർത്തുകയാണ് അന്ന് കേരളകൗമുദിയും മാതൃഭൂമിയും ചെയ്തത്. കേസിലെ പ്രതിയെ പരിചയമുള്ള ഒരു മാധ്യമ പ്രവർത്തക ആയിട്ട് പോലും ഒരു അന്വേഷണവും നടത്താതെ വാർത്ത! എഴുതുന്നത് ലജ്ജാകരമാണ് . മാതൃഭൂമി എഡിറ്റർ ശ്രീ കേശവമേനോനെ വിളിച്ചു ഇക്കാര്യം സംസാരിച്ചപ്പോൾ അദ്ദേഹം വളരെ മാന്യമായി പ്രതികരിക്കുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. എല്ലാ വാർത്തകളും എല്ലാ ദിവസവും ചീഫ് എഡിറ്റർ കാണണമെന്നില്ല എന്ന് നമുക്കറിയാം. പ്രസ്തുത റിപ്പോർട്ടറെ വിളിച്ചു സംസരിക്കുന്നുണ്ടെന്നും ഇന്നത്തെ പത്രത്തിൽ തിരുത്ത് കൊടുക്കുമെന്നും അദ്ദേഹം ഉറപ്പു നൽകി. തുടർന്ന് മാതൃുമിയുടെ ബംഗ്ലൂർ ലേഖകൻ ബിജുരാജ് എന്റെ വശം കേൾക്കുകയും ചെയ്തു. തലേന്ന് എന്റെ ഫോൺ നമ്പർ കിട്ടിയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വിശദീകരണം .ഫോൺ നമ്പർ കിട്ടാത്തതിനെ തുടർന്ന് സമ്മർദ്ദം മൂലം വാർത്ത! കൊടുക്കേണ്ടി വന്നുവത്രേ ,ആരുടെ സമ്മർദ്ദം എന്ന ചോദ്യത്തിന് അദ്ദേഹത്തിന് മറുപടി ഉണ്ടായിരുന്നില്ല .കർണാടക പോലീസിന്റെ സമ്മർദ്ദമാണോ അതോ ഡെസ്കിൽ നിന്നുള്ള സമ്മർദ്ദമാണോ എന്നറിയില്ല, എന്തായാലും രണ്ടാമത്തെതാവില്ല എന്ന് ഞാൻ കരുതുന്നു .കാരണം ക്രോസ് ചെക്ക് ചെയ്യാൻ കഴിയാത്ത ഒരു വാർത്ത തരണമെന്ന് ഒരു ന്യൂസ് ഡെസ്കും നിർബന്ധിക്കില്ല എന്നാണു ഇത്ര കാലത്തെ പത്രപ്രവർത്തന പരിചയത്തിൽ നിന്നും ഞാൻ മനസ്സിലാക്കുന്നത് മദനിയുടെ കുടക് സന്ദർശനവുമായി ബന്ധപ്പെട്ട പോലീസ് കഥയെക്കുറിച്ച് ഞാൻ പല പ്രമുഖ പത്രപ്രവർത്തകരോടും സംസാരിച്ചിട്ടുണ്ട്. അവരൊക്കെ വളരെ ആധികാരികമായി തന്നെ മദനി കുടകിൽ പോയിട്ടുണ്ട് എന്ന് തറപ്പിച്ചു പറഞ്ഞിട്ടുണ്ട് .പോലിസ് പറയുന്ന അതെ കഥയാണ് ഒരു പരമമായ സത്യം പോലെ അവർ തറപ്പിച്ചു പറയുന്നത്. നമ്മുടെ മാധ്യമ പ്രവർത്തകർ വാർത്തയുടെ ആധികാരികമായി ഭരണകൂടത്തെ കണ്ടു തുടങ്ങിയത് എന്ന് മുതലാണ്? വാർത്ത ജനങ്ങളിൽ ആണെന്ന് ഞാൻ വിശ്വസിക്കുന്നു. വാർത്തയുടെ ഏറ്റവും വലിയ സോഴ്സും അവർ തന്നെയാണ്. ഭരണകൂടത്തിന്റെ ഗൂഡാലോചനകൾ ജനങ്ങൾ തന്നെ പുറത്തു കൊണ്ട് വരും. അതിന്റെ വാഹകരാവുക എന്ന ദൗത്യം മാത്രമേ മാധ്യമ പ്രവർത്തകർക്കുള്ളൂ എന്ന് ഞാൻ കരുതുന്നു.

**(തെഹൽക്ക വാരികയുടെ കേരള കറസ്പോണ്ടന്റ് ആണ് കെ കെ ഷാഹിന)**